11676
18.6.19.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്.
സ്ഥലം. കോട്ടയം.
തീയതി. 14/6/19.

നംപർ. 4970 14/6/19.

പ്രേക്ഷിതൻ

അസിസ്സറ്റൻറ ദേവസ്വം കമ്മീഷണർ
കോട്ടയം.

സ്വീകർത്താവ്

ദേവസ്വം കമ്മീഷണർ
തിരുവനന്തപുരം.

വിഷയം. കോട്ടയം ഗ്രൂപ്പിലെ പാക്കിൽ ദേവസ്വം 1194 ME കർക്കിടക സംക്രമ വാണിഭം തറലേലം സംബന്ധിച്ച്.

സൂചന.
1. സമക്ഷപത്തെ ആഫീസിലെ 10-7-18-ലെ ROC 567/2011/NS2 നമ്പർ ഉത്തരവ്.
2. സമക്ഷപത്തെ ആഫീസിലെ 20-6-18-ലെ ROC 567/2011/NS2 നമ്പർ ഉത്തരവ്.
3. പാക്കിൽ സബ്ഗ്രൂപ്പാഫീസറുടെ 7-6-19-ലെ 20/19-ാം നമ്പർ റിപ്പോർട്ട്.

സർ,

കോട്ടയം ഗ്രൂപ്പിൽപ്പെട്ട പാക്കിൽ ദേവസ്വത്തിൽ 1194 ME കർക്കിടക സംക്രമ വാണിഭം സംബന്ധിച്ച് കർക്കിടകം 1 മുതൽ 31 വരെ (17-7-19 മുതൽ 16-8-19 വരെ) താൽക്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിന് ക്ഷേത്ര മൈതാനം ലേലം ചെയ്ത് നൽകുന്നതിലേയ്ക്കായി തയ്യാറാക്കിയ ലേല പരസ്യത്തിൽ 2019 ജൂൺ മാസം 25-ാം തീയതി പകൽ 11.30 AM മണിക്ക് കോട്ടയം തിരുനക്കര ക്യാമ്പ് ഷെഡിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് തീയതി നിശ്ചയിച്ചിട്ടുള്ളതിനാൽ ആയത് അംഗീകരിച്ചും, ടി തീയതിയ്ക്ക് മുമ്പായി പത്രപ്പരസ്യം പ്രമുഖ പ്രാദേശീക ദിന പത്രത്തിൽ നൽകുന്നതിലേയ്ക്കായി ലേലപരസ്യം 2 പ്രതി ഇതോടൊപ്പം അയച്ചുകൊള്ളുന്നു.

കർക്കിടക മാസത്തിന് ശേഷവും കച്ചവടം നടത്തുന്നവരിൽ നിന്നും പ്രതിദിനം 400/- രൂപാ ക്രമം ഈടാക്കി കച്ചവടം നടത്തുന്നതിന് സൂചന (2) നമ്പരായി മുൻവർഷം ഉത്തരവായിട്ടുള്ളതും, തൻ വർഷവും ഇപ്രകാരം കച്ചവടക്കാർ ഉള്ളപക്ഷം പ്രതി ദിനം ഈടാക്കേണ്ട വാടക സംബന്ധിച്ചും ഉത്തരവ് ഉണ്ടാകുന്നതിലേയ്ക്കായി വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

14/6/19

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ
കോട്ടയം.

# ലേലപ്പരസ്യം

കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ നിന്നും പരസ്യപ്പെടുത്തുന്ന എന്തെന്നാൽ

കോട്ടയം ഗ്രൂപ്പിൽപ്പെട്ട മേജർ പാകിൽ ദേവസ്വം വക ക്ഷേത്രത്തിന് മുൻവശം നാട്ടകം വില്ലേജിൽ സർവേ 22/10 1 ഏക്കർ 16 സെന്റസ്ഥലത്ത് ക്ഷേത്രകുളത്തിലേക്കുള്ള വഴി കഴിച്ചു ബാക്കിയുള്ള സ്ഥലത്ത് 1194 കർക്കിടക മാസം 1-ാം തീയതി മുതൽ (2019 ജുലൈ 17 മുതൽ ഓഗസ്റ്റ് 16 വരെ ) 31 ദിവസം താൽക്കാലികഷെഡ്ഡുകൾകെട്ടിയും അല്ലാതെയും കച്ചവടം നടത്തുന്നതിനുള്ള അവകാശം ജൂൺ മാസം-25-ാം തീയതി പകൽ 11.30 മണിക്ക് തിരുനക്കര ദേവസ്വം ക്യാമ്പ് ഷെഡ്ഡിൽ വച്ച് പരസ്യമായി ലേലം ചെയ്തുകൊടുക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലേലത്തിൽ പങ്ക് ചേരാൻ ആഗ്രഹിക്കുന്നവർ 10000/- രൂപാ (പതിനായിരം രൂപ മാത്രം) നിരത ദ്രവ്യം ഹാജരാക്കി ലേലത്തിൽ പങ്കു കൊള്ളേണ്ടതും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആളിന്റെ പേരിൽ ലേലം അവസാനിപ്പിക്കുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം അവസാനം തിരികെ നൽകുന്നതുമായിരിക്കും.

കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന ആൾ നിരതദ്രവ്യം ഉൾപ്പെടെ ലേല തുക ഒന്നായി അപ്പോൾ തന്നെ ഹാജരാക്കേണ്ടതും മുറപ്രകാരമുള്ള ഉടമ്പടി വച്ച ശേഷം അല്ലാതെ വസ്തുവിൽ ഷെഡ്ഡുകൾ കെട്ടാൻ പാടില്ലാത്തതാകുന്നു. ഇതിന് എന്തെങ്കിലും തരത്തിൽ വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ടി യാൻ ഡിപ്പാർട്ടുമെന്റിൽ ഒടുക്കു വരുത്തിയിട്ടുള്ള തുക പ്രായശ്ചിത്തമായി മുതൽക്കൂട്ടുന്നതും ആവർത്തന ലേലം നടത്തുകയോ മറ്റേതെങ്കിലും തരത്തിലോ കുത്തകയ്ക്കേൽപ്പെടുത്തുന്നതും ആയതിലേക്ക് ഡിപ്പാർട്ടുമെന്റിലേക്ക് ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് അദ്യ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ലാഭം ഉണ്ടായാൽ ലേലക്കാരന് അവകാശപ്പെടാൻ അർഹത ഇല്ലാത്തതുമായിരിക്കും.

ലേലം അനുവദിച്ച് വിവരം അറിയിക്കുന്ന മുറക്ക് ലേലക്കാരൻ സ്വന്തം ചെലവിൽ കോട്ടയം ഗ്രുപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസീൽ ഹാജരായി മുറ പ്രകാരമുള്ള ഉടമ്പടി വച്ച ശേഷം ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കുത്തകാവകാശം നടത്തിക്കൊള്ളേണ്ടതാണ്.കീഴ്പ്പതിവിനും ക്ഷേത്രാചാരപ്രകാരമുള്ള സാധനങ്ങളല്ലാതെ മറ്റു സാധനങ്ങൾ കച്ചവടം നടത്തുന്നതിനും നിയമാനുസൃതമല്ലാത്ത കളികൾ നടത്തുന്നതിനും അനുവദിക്കുന്നതല്ല. അപ്രകാരം ഡിപ്പാർട്ടുമെന്റു ചട്ടങ്ങൾക്ക് വിരുദ്ധമായി ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.

ലേലം കഴിഞ്ഞാൽ ഉടൻതന്നെ ലേലത്തുക ഒന്നായി ഹാജരാക്കി രസീതു വാങ്ങിക്കൊള്ളേണ്ടതും ആയതിന് ആദ്യ ലേലക്കാരൻ വിസമ്മതിച്ചാൽ രണ്ടാം ലേലക്കാരന് ലേലം അനുവദിച്ചു കൊടുക്കുന്നതും ആദ്യലേലക്കാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.

ലേലം അനുവദിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ദേവസ്വം ബോർഡിനായിരിക്കുന്നതാണ്.ആവശ്യമെന്നുകണ്ടാൽ ലേലനടപടികൾ നിർത്തിവെയ്ക്കുന്നതിനും ലേലനിബന്ധനകളിൽ ഭേദഗതി വരുത്തുന്നതിനും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും. കൂടാതെ ഗവൺമെന്റിലേക്ക് എന്തെങ്കിലും ടാക്സ് അടയ്ക്കേണ്ടി വരുന്ന പക്ഷം ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ലേലം ആരംഭിക്കുന്നതിന് മുമ്പായി ലേല സ്ഥലത്തു വെച്ച് ക്വട്ടേഷൻ സ്വീകരിക്കുന്നതും ലേലം കഴിയുന്ന മുറയ്ക്ക് ലേലക്കാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷൻ പൊട്ടിച്ച് പരിശോധിക്കുന്നതും ലേലത്തുകയോ ക്വട്ടേഷൻത്തുകയോ ഇതിൽ ഏതാണോ കൂടുതൽ ആ തുകയ്ക്ക് ലേലം അവസാനിപ്പിക്കുന്നതാണ്. കൂടുതൽ വിവരം കോട്ടയം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിലോ പാക്കിൽ ദേവസ്വം ആഫീസിലോ അന്വേഷിച്ച് അറിയാവുന്നതാണ്. ഡിപ്പാർട്ട്മെന്റിലെ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ക്വട്ടേഷനിൽ 5 രൂപയുടെ ദേവസ്വം സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതാണ്.

**Asst. Devaswom Commissioner,**
**Kottayam Group**